# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4662** **04.02.2014-ൽ മറുപടിക്ക്**

കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) | കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെട്ട ചെലവ് എത്ര കോടി രൂപയാണ്; ഇതിനായി ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്; | (എ) | തിരുവനന്തപുരം, കോഴിക്കോട് മോണോറയിൽ പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായിവരുമെന്ന് കണക്കാക്കപ്പെട്ട മൊത്തം ചെലവ് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 3590 കോടി രൂപ<br>കോഴിക്കോട് - 1991 കോടി രൂപ<br>കൊച്ചി മെട്രോ. ഹൈസ്പീഡ് റയിൽ. തിരുവനന്തപുരം കോഴിക്കോട് മോണോറയിൽ പദ്ധതി, വിഴിഞ്ഞം തുറമുഖം എന്നീ ഫ്ളാഗ്ഷിപ്പ് പദ്ധതികൾക്കായി ആകെ 788.93 കോടി രൂപ 2013-2014 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും സ്ഥാപനത്തിൽ നിന്നുള്ള വായ്പ ഉറപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് സ്ഥാപനത്തിൽ നിന്ന് എന്തെല്ലാം വ്യവസ്ഥകളിന്മേൽ എന്ത് തുക എന്നറിയിക്കാമോ ; | (ബി) | തിരുവനന്തപുരം, കോഴിക്കോട് മോണോറയിൽ പദ്ധതികൾക്കായി ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% ദേശസാൽകൃത ബാങ്കുകൾ ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും സമാഹരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫിനാൻഷ്യൽ അപ്റൈസൽ നടത്തുന്നതിനായി M/s. SBI Capital Markets-നെ നിയമിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി ചെലവിലേക്കുള്ള പണം കണ്ടെത്തുന്നതിനുമുമ്പ് ആഗോള ടെണ്ടർ ക്ഷണിച്ചതുകൊണ്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സംസ്ഥാനത്തിന്റെ ടെണ്ടറിൽ പങ്കെടു- | (സി) | അല്ല. |

| | | | |
|---|---|---|---|
| (ഡി) | എത്ര കമ്പനികൾ താത്പര്യപത്രം നല്കുകയുണ്ടായി; ഇതുമായി ഡി. എം. ആർ.സി. മുന്നോട്ട് പോകാൻ ഉദ്ദേശി-ക്കുന്നുണ്ടോ ; | (ഡി) | ഒരു കമ്പനി മാത്രമാണ് തൽപര്യപത്രം നൽകിയത്. അതിനാൽ പുനർ ദർഘാസ് ക്ഷണിക്കാൻ തീരുമാനിച്ച് ടെൻഡർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |
| (ഇ) | വ്യവസ്ഥകളിൽ മാറ്റം വരുത്തി വീണ്ടും ടെണ്ടർ ക്ഷണിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളിലാണ് മാറ്റം വരുത്തിയത് ? | (ഇ) | ചില വ്യവസ്ഥകളിൽ ഇളവ് വരുത്തി വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. മാറ്റം വരുത്തിയ വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ